**നമ്പർ: 159/2018**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും, വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മലങ്കര മെത്രാപ്പോലീത്തായും, കോട്ടയം എം. ഡി സെമിനാരി, പരുമല സെമിനാരി എന്നിവ ഉൾപ്പെടെ അനേക സ്ഥാപനങ്ങളുടെ സ്ഥാപകപിതാവുമായ **"സഭാ തേജസ്സ്"** പുലിക്കോട്ടിൽ രണ്ടാമൻ എന്ന ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ 109-ാം ഓർമ്മപ്പെരുന്നാൾ 2018 ജൂലൈ 11, 12 (ബുധൻ, വ്യാഴം) തീയതികളിൽ ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന നമ്മുടെ പഴയ സെമിനാരി ചാപ്പലിൽ ഭക്തിപൂർവ്വം ആഘോഷിക്കുകയാണ്.

പെരുന്നാളിനോടനുബന്ധിച്ച് 11-ാം തീയതി ബുധനാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തപ്പെടുന്ന സന്ധ്യാ നമസ്കാരത്തിലും ഭക്തിനിർഭരമായ പ്രദക്ഷിണത്തിലും, 12-ാം തീയതി വ്യാഴാഴ്ച രാവിലെ നടത്തപ്പെടുന്ന വി. മൂന്നിന്മേൽ കുർബ്ബാനയിലും എല്ലാവരും നേർച്ചകാഴ്ചകളോടു കൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ഓർമ്മിപ്പിക്കുന്നു. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. ദൈവകൃപയുടെ പ്രകാശത്തിൽ സഭയെ നയിച്ച ആ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ എത്രയും ആദരവോടുകൂടി നടത്തുവാൻ നാം ഏവരും കടപ്പെട്ടിരിക്കുന്നു എന്ന് നാം ഓർമ്മിപ്പിക്കുന്നു. പെരുന്നാളിനോടനുബന്ധിച്ച് വിവിധ ഇടവകകളിൽ നിന്ന് തീർത്ഥാടകരായി എത്തുന്ന ആളുകളുടെ എണ്ണം പഴയ സെമിനാരി മാനേജർ കെ. സഖറിയാ റമ്പാച്ചനെ നേരത്തെ തന്നെ അറിയിക്കുന്നത് സൗകര്യപ്രദമായിരിക്കും.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2018 ജൂൺ മാസം 18-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.